ഭാരതീയ റിസർവ് ബാങ്ക്
വാർത്താ വിനിമയ വിഭാഗം
കേന്ദ്ര ഓഫീസ്
മുംബൈ-400001

ജൂലൈ 04, 2018

**അമനാഥ് സഹകരണ ബാങ്ക്, ബെംഗളൂരു - ഭാരതീയ റിസർവ് ബാങ്ക് നൽകിയിരുന്ന സമഗ്ര ഡയറക്ഷന്റെ കാലാവധി ദീർഘിപ്പിച്ചിരിക്കുന്നു.**

അമനാഥ് സഹകരണ ബാങ്ക്, ബെംഗളൂരുവിന് മേൽ ഭാരതീയ റിസർവ് ബാങ്ക് പുറപ്പെടുവിച്ച ഏപ്രിൽ 1, 2013ലെ ഡയറക്റ്റീവ്, അതിനെ തുടർന്ന് അവസാനമായി ഡിസംബർ 21, 2017 വരെ പുറപ്പെടുവിച്ച ഡയറക്റ്റീവ്സും പ്രകാരം പ്രാവർത്തികമാക്കിയിരുന്ന ഡയറക്ഷന്റെ കാലാവധി പൊതുജന താല്പര്യാർത്ഥം ആറുമാസ കാലയളവിലേക്ക് കൂടി ദീർഘിപ്പിക്കേണ്ടതാണെന്ന് റിസർവ് ബാങ്കിന് ബോദ്ധ്യമായതായി പൊതുജനങ്ങളെ ഇതിനാൽ അറിയിക്കുന്നു.

1949 ലെ ബാങ്കിംഗ് റെഗുലേഷൻ നിയമത്തിന്റെ (സഹകരണ സ്ഥാപനങ്ങൾക്ക് ബാധകമായത്) 35A(1) വകുപ്പ് പ്രകാരം ഏപ്രിൽ 1, 2013 മുതൽ അമനാഥ് സഹകരണ ബാങ്ക് ഡയറക്ഷനു കീഴിലായിരുന്നു. ഈ നടപടിയുടെ കാലാവധി ഭാരതീയ റിസർവ് ബാങ്ക് കാലാകാലങ്ങളിൽ ദീർഘിപ്പിക്കുകയും അവസാനമായി ജൂലൈ 4, 2018 വരെ ദീർഘിപ്പിക്കുകയുമുണ്ടായി. പുനരവലോകനത്തിനു വിധേയമായി ജൂലൈ 5, 2018 മുതൽ ജനുവരി 04, 2019 വരെയുള്ള 6 മാസ കാലയളവിലേക്ക് കൂടി ഡയറക്ഷൻസ് തുടർന്നും ബാധകമായിരിക്കും.

ഡയറക്റ്റീവിലെ മറ്റു നിബന്ധനകൾ മാറ്റമില്ലാതെ തുടരുന്നതാണ്. ഡയറക്ഷൻ ചുമത്തി എന്ന കാരണത്താൽ ബാങ്കിന്റെ ലൈസൻസ് റദ്ദു ചെയ്തു എന്ന് കരുതരുത്. ബാങ്കിന്റെ സാമ്പത്തികനില മെച്ചപ്പെടുന്നതുവരെ നിയന്ത്രണങ്ങൾക്ക് വിധേയമായി ബാങ്കിംഗ് ഇടപാടുകൾ നടത്തുവാൻ ബാങ്കിന് അധികാരമുണ്ട്. സാഹചര്യങ്ങൾക്കനുസരിച്ച് ഡയറക്ഷനിൽ മാറ്റം വരുത്തുന്ന കാര്യം റിസർവ് ബാങ്ക് പരിഗണിക്കുന്നതായിരിക്കും.

അജിത് പ്രസാദ്
അസിസ്റ്റന്റ് അഡൈ്വസർ

പത്രപ്രസ്താവന:**2018-2019/23**